**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നോക്ക സമുദായ വികസന വകുപ്പിന്റെ എറണാകുളം, കോഴിക്കോട്, മേഖലാ ഓഫീസുകളിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

സ. ഉ (സാധാ) നമ്പർ. 101/14/2014/പിസവിവ. തീയതി, തിരുവനന്തപുരം, 13/11/2014

===========================================================

പരാമർശം : 1. G.O (Ms) No.07/2014/പിസവിവ തീയതി 05.08.2014.

2. പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 12.08.2014-ലെ BCDD/A1/580/14 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പിന്നോക്ക സമുദായ വികസന വകുപ്പിന്റെ കീഴിൽ എറണാകുളത്തും, കോഴിക്കോട്ടും മേഖലാ ഓഫീസുകൾ ആരംഭിക്കുന്നതിനും ഇതിനാവശ്യമായ തസ്തികകൾ അനുവദിച്ചു കൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

പിന്നോക്ക സമുദായ വികസന വകുപ്പിന് കോഴിക്കോട്, എറണാകുളം ജില്ലകളിൽ അനുവദിച്ച മേഖലാ ഓഫീസുകളുടെ പ്രവർത്തനത്തിന് കരാർ അടിസ്ഥാനത്തിൽ ഡ്രൈവർ ഉൾപ്പെടെ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പിന്നോക്ക സമുദായ വികസന വകുപ്പിന്റെ കോഴിക്കോട്, എറണാകുളം മേഖലാ ഓഫീസുകളിൽ, അടിയന്തിര സാഹചര്യങ്ങളിൽ ഓഫീസ് ആവശ്യത്തിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം ,
**എൻ. ജയ് സുഖ് ലാൽ**
ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി.

ഡയറക്ടർ, പിന്നോക്ക സമുദായ വികസന വകുപ്പ്, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Vapal

സെക്ഷൻ ഓഫീസർ